## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*121 | 04/12/2018- ൽ മറുപടിയ്ക്ക്

### റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ. സി.കെ ഹരീന്ദ്രൻ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനും പരിഹാരം നിർദ്ദേശിക്കാനുമായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ ഇക്കാര്യത്തിൽ നിർദ്ദേശം സമർപ്പിക്കുകയുണ്ടായോ; വിശദാംശം നൽകാമോ; | (എ) സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള ഉന്നത തലസംഘം 2018 ഫെബ്രുവരി മാസം 22- ാം തീയതി കേന്ദ്ര വാണിജ്യകാര്യ മന്ത്രിയുമായി റബ്ബർ ഉൾപ്പെടെയുള്ള തോട്ടവിളകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി കേരള സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ത്രിപുര ചീഫ് സെക്രട്ടറി സഹഅദ്ധ്യക്ഷനായും 'ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ' രൂപീകരിച്ചു. പ്രസ്തുത സമിതിയിൽ കേന്ദ്ര വാണിജ്യകാര്യ വകുപ്പിന്റെയും റബ്ബർ ബോർഡിന്റെയും പ്രതിനിധികളും കേരള, ത്രിപുര സംസ്ഥാനങ്ങളുടെ പ്രതിനിധികളും ഉണ്ടായിരുന്നു. സംസ്ഥാന സർക്കാർ കർഷക സംഘടനകളുടെ പ്രതിനിധികളുമായി പലപ്രാവശ്യം ചർച്ച നടത്തുകയും റബ്ബർ മേഖലയിലെ എം.എൽ.എ.മാരെ വിളിച്ച് ചേർക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ റിപ്പോർട്ട് സമിതി മുഖാന്തിരം സമർപ്പിക്കുകയും ചെയ്തു. 2018 ജൂൺ മാസം 27 ന് പ്രസ്തുത സമിതി യോഗം ചേർന്ന് അന്തിമ റിപ്പോർട്ട് തയ്യാറാക്കുകയും തുടർന്ന് അത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. |

| | | |
|---|---|---|
| (ബി) | സംസ്ഥാനത്തെ പത്തുലക്ഷത്തി ലധികം വരുന്ന റബ്ബർ കർഷകരുടെ താല്പര്യങ്ങൾ അവഗണിച്ചുകൊണ്ട് വൻകിട ടയർ മുതലാളിമാരുടെ താല്പര്യ സംരക്ഷണാർത്ഥം കേന്ദ്ര സർക്കാർ റബ്ബറിന്റെ ഇറക്കുമതി നിയന്ത്രണം നീക്കിയത് കർഷകരെ കൂടുതൽ പ്രതിസന്ധി യിലാക്കിയതിനാൽ ഈ നടപടി തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി) റബ്ബർ ഇറക്കുമതി നിയന്ത്രിക്കുവാനും സ്വാഭാവിക റബ്ബർ കർഷകരെ വിലയിടിവിൽ നിന്നും സംരക്ഷിക്കുവാനും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദം ചെലുത്തിയതു മൂലമാണ് ' ടാസ്ക് ഫോഴ് സ് ഓൺ റബ്ബർ' രൂപീകരിച്ചത്. |
| (സി) | സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന റബ്ബർ വില സ്ഥിരതാ പദ്ധതി പ്രകാരം നൽകി വരുന്ന സഹായം എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതം അനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150/-രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും ( കിലോയ്ക്ക് 150/-രൂപ) റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വിലവ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ടു നല്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം RSS-1,2,3,4,5 ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകി വരുന്നു. 2018-ൽ ജൂലൈയിൽ തുടങ്ങി 2019 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നിലവിൽ ഈ പദ്ധതി നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം നടപ്പ സാമ്പത്തിക വർഷം 286.17 കോടി രൂപ |

സബ്സിഡിയായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. 16.11.2018 വരെ ലഭിച്ച ക്ലെയിമുകൾ പരിശോധിച്ച് സബ്സിഡി തുക കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 811.87 കോടി രൂപ ഈ പദ്ധതിയുടെ കീഴിൽ കർഷകർക്കു ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്കീം നിലവിൽ വന്നതിനു ശേഷം ആകെ 1191.57 കോടി രൂപയാണ് സബ്സിഡിയായി വിതരണം ചെയ്തിട്ടുള്ളത്.

Sreelatha

**സെക്ഷൻ ഓഫീസർ**